# Telephone conversation between Prime Minister and President of USA

June 02, 2020

---

# പ്രധാനമന്ത്രിയും അമേരിക്കൻ പ്രസിഡന്റും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ജൂൺ 02, 2020

പ്രധാന മന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് അമേരിക്കൻ പ്രസിഡണ്ട് ശ്രീ ഡൊണാൾഡ് ട്രംപുമായി ടെലിഫോൺ സംഭാഷണം നടത്തി.
ഗ്രൂപ്പ് ഓഫ് സെവന്റെ യുഎസ് പ്രസിഡൻസിയെക്കുറിച്ച് പ്രസിഡന്റ് ട്രംപ് സംസാരിച്ചു, നിലവിലുള്ള അംഗങ്ങളെക്കൂടാതെ ഇന്ത്യ ഉൾപ്പെടെയുള്ള മറ്റ് പ്രധാന രാജ്യങ്ങളെ ഉൾപ്പെടുത്തി, ഗ്രൂപ്പിന്റെ പരിധി വിപുലീകരിക്കാനല്ല ആഗ്രഹവും അദ്ദേഹം അറിയിച്ചു. ഈ സാഹചര്യത്തിൽ, അമേരിക്കയിൽ നടക്കുന്ന അടുത്ത G-7 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി മോദിയെ അദ്ദേഹം ക്ഷണിക്കുകയും ചെയ്തു.

പ്രസിഡണ്ട് ട്രംപിന്റെ ക്രിയാത്മകവും ദീർഘദർശിയുമായ ഇത്തരമൊരു സമീപനത്തെ പ്രധാന മന്ത്രി മോഡി അഭിനന്ദിച്ചു കൂടാതെ കോവിഡിന് ശേഷമുള്ള ലോകത്തിലെ യാഥാർഥ്യങ്ങൾക്കൊപ്പം നില്ക്കാൻ ഇത്തരം വികസിതമായ ഫോറമുകൾ സഹായകമാണെന്ന വസ്തുത അദ്ദേഹം അംഗീകരിക്കുകയും ചെയ്തു. പരാമർശിക്കപ്പെട്ട ഉച്ചകോടിയുടെ വിജയത്തിനായി അമേരിക്കയുടെയും മറ്റു പങ്കാളിത്ത രാജ്യങ്ങളുടെയും ഒപ്പം പ്രവർത്തിക്കുന്നതിൽ ഇന്ത്യയ്ക്ക് സന്തോഷമാണുള്ളതെന്നും പ്രധാനമന്ത്രി പറഞ്ഞു.

അമേരിക്കയിൽ നടന്നുകൊണ്ടിരിക്കുന്ന സാംസ്കാരിക പ്രശനങ്ങളിൽ പ്രധാനമന്ത്രി മോഡി ആശങ്ക പ്രകടിപ്പിച്ചു കൂടാതെ ഈ സാഹചര്യത്തിന് എത്രയും പെട്ടന്ന് പരിഹാരം കാണുന്നതിന് ആശംസകൾ നൽകുകയും ചെയ്തു.

രണ്ടു രാജ്യങ്ങളിലെയും കോവിഡ്-19 സാഹചര്യങ്ങൾ, ഇന്ത്യ ചൈന അതിർത്തി പ്രശ്നങ്ങൾ, ലോകാരോഗ്യ സംഘടനാ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയ സന്ദർഭോചിതമായ വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്തു.

ഈ വർഷം ഫെബ്രുവരിയിൽ നടത്തിയ ഇന്ത്യ സന്ദർശനം പ്രസിഡണ്ട് ട്രംപ് അനുസ്മരിച്ചു. പല രീതിയിലും ഈ സന്ദർശനം ഓർത്തുവയ്ക്കേണ്ടതും ചരിത്ര പ്രധാനവുമാണ് എന്ന് പ്രധാനമന്ത്രി മോഡി അഭിപ്രായപ്പെട്ടു, ഇത് ഉഭയകക്ഷി ബന്ധത്തിൽ പുതിയ പരിവത്തനങ്ങൾക്ക് കാരണമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംഭാഷണത്തിലെ അനിതര സാധാരണമായ നിഷ്കളങ്കതയും ഊഷ്മളതയും ഇന്ത്യ - അമേരിക്ക ബന്ധത്തിന്റെ പ്രത്യേകതയും ഇരു നേതാക്കളും തമ്മിലുള്ള സൗഹൃദവും പരസ്പര ബഹുമാനവും പ്രതിഫലിപ്പിക്കുന്നതായിരുന്നു.

**ന്യൂ ഡൽഹി**
**02 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.